No. CEE/4600/2019/KEAM-2020/TA4

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# പത്രക്കുറിപ്പ്

## കീം 2020
## എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോഴ്സുകളിലേക്ക് ഒന്നാംഘട്ട മോപ് അപ് അലോട്ട്മെന്റിലൂടെ അഡ്മിഷൻ നേടിയ വിദ്യാർത്ഥികൾ പ്രൊഫൈൽ പരിശോധിക്കേണ്ടതാണ്

2020–21 വർഷത്തെ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോഴ്സുകളിലേക്ക് ഒന്നാംഘട്ട ഓൺലൈൻ മോപ് അപ് അലോട്ടുമെന്റ് മുഖേന അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് **2020 നവംബർ 23 വൈകുന്നേരം 3.00** മണി വരെ കോളേജുകളിൽ പ്രവേശനം അനുവദിച്ചിരുന്നു. ഈ ഘട്ടത്തിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ പ്രവേശനം സംബന്ധിച്ച വിശദാംശം അവരവരുടെ 'Candidate Portal' ൽ ലഭ്യമാക്കിയിട്ടുണ്ട്. 2020 നവംബർ 23 നകം കോളേജുകളിൽ നേരിട്ടോ വെർച്ച്വൽ ആയോ പ്രവേശനം നേടിയ എല്ലാ വിദ്യാർത്ഥികളും പ്രവേശനപരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ് സൈറ്റിലെ 'Keam 2020 Candidate Portal' ൽ അപേക്ഷാ നമ്പറും പാസ്‌വേർഡും നൽകി പ്രവേശിച്ച് പ്രവേശനം സംബന്ധിച്ച വിശദാംശം പരിശോധിക്കേണ്ടതാണ്. പ്രവേശനം നേടിയിട്ടും 'Candidate Portal' ൽ പ്രവേശനം നേടിയതായി രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ അത്തരം വിദ്യാർത്ഥികൾ നിർബന്ധമായും **25.11.2020 വൈകിട്ട് 4 മണിക്കകം** അതാത് കോളേജുമായി ബന്ധപ്പെടേണ്ടതാണ്.

**ഹെൽപ്പ് ലൈൻ നമ്പർ : 0471 – 2525300**

തിരുവനന്തപുരം
24.11.2020

പ്രവേശന പരീക്ഷാ കമ്മീഷണർ